**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാബ്‌കോ തുടങ്ങാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വികസനം ലഭ്യമാക്കിയിട്ടുള്ള കേരള അഗ്രോ ബിസിനസ് കമ്പനി അഥവാ കാബ്‌കോ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | **കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിച്ചു കൊണ്ട് 07-08-2023 ലെ സ.ഉ. (കൈ) നം. 71/2023/അഗ്രി നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.** |
| (ബി) | കാബ്‌കോയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | 1. **കേരളത്തിൽ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകൾ, ഫ്രൂട്ട് പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി ഒരു അപെക്സ് ബോഡിയായി പ്രവർത്തിക്കും.**<br>2. **കാർഷിക ഉത്പ്പന്നങ്ങളുടെ വിപണി അടിസ്ഥാനമാക്കിയ സംവിധാനത്തിന്റെ അഭാവം നികത്തുന്നതിനും കൂടാതെ, ഉത്പാദനത്തിന്റെ കാലിക വിശകലനത്തിനുള്ള ഒരു ഏജൻസിയായും പ്രവർത്തിക്കും.**<br>3. **കാർഷിക ഉത്പ്പന്നങ്ങൾക്കായി പൊതു ബ്രാൻഡിംഗ് നടപ്പാക്കും.**<br>4. **മൂല്യവർധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി പ്രവർത്തിക്കും.**<br>5. **ദേശീയ-അന്തർദേശീയ കയറ്റുമതി / വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.**<br>6. **കാർഷിക സംസ്കരണത്തിനുതകുന്ന യന്ത്ര സാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട എസ്.പി.വി.കളുമായി മദ്ധ്യസ്ഥത വഹിക്കും.**<br>7. **മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വിലനിർണ്ണയ തന്ത്രം നടപ്പിലാക്കുന്നതിനും., കൂടാതെ വിവിധ മാർക്കറ്റിംഗ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ** |

| | | | |
|---|---|---|---|
| | | | മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയും മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യും.<br>8. മൂല്യവർധന മേഖല, സംഭരണ മേഖല, ശീതീകരണ മേഖല തുടങ്ങിയവയിൽ മുതൽ മുടക്കി അടിസ്ഥാന സൗകര്യം ഒരുക്കി സംരഭകരായി എത്തുന്ന കാർഷിക മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കും. |

സെക്ഷൻ ഓഫീസർ